പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1723 18.06.2012 ലെ മറുപടിയ്ക്ക്

ലോട്ടറി നടത്തിപ്പിലെ പുരോഗതി

ചോദ്യം

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. എ.റ്റി. ജോർജ്ജ്

ശ്രീ. ഹൈബി ഈഡൻ

ശ്രീ. വർക്കല കഹാർ

ഉത്തരം

ശ്രീ. കെ.എം. മാണി

(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലോട്ടറി നടത്തിപ്പിൽ എന്തെല്ലാം പുരോഗതി കൈവരിച്ചിട്ടുണ്ട് ; | (എ) | പുതിയ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുനരാരംഭിച്ചു. ഇത് സമൂഹത്തിലെ, കായികാദ്ധ്വാനം ചെയ്യാൻ കഴിവില്ലാത്തവരും വികലാംഗരുമായവർക്ക് തൊഴിൽ ലഭിക്കുന്നതിന് സഹായകമായി. പുതുതായി ആരംഭിച്ചതിൽ ശനിയാഴ്ച നറുക്കെടുക്കുന്ന കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിന് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി നടപ്പിലാക്കി. ഇത്തരമൊരു സഹായ പദ്ധതി ഇന്ത്യയിൽത്തന്നെ ആദ്യത്തേതാണ്. 2010-11 വർഷത്തിൽ റവന്യൂ വരുമാനം 557 കോടിയായിരുന്നത് 2011-12 വർഷത്തിൽ 1287 കോടിയായി വർദ്ധിച്ചു. ലോട്ടറി ഏജന്റുമാർക്ക് നൽകിവന്നിരുന്ന വില്പന ഡിസ്ക്കൗണ്ട് 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 25%, 27% എന്നത് 26%, 28% ആയും 40/-, 50/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികൾക്ക് 28%, 30% ആയും വർദ്ധിപ്പിച്ചതുവഴി ഈ മേഖലയിലെ തൊഴിലാളികൾക്ക് വരുമാനത്തിൽ വർദ്ധനവുണ്ടായി. കൂടാതെ 20/-രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ അച്ചടി 25 ലക്ഷത്തിൽനിന്നും 30 ലക്ഷമായി |

<table>
<tr><td></td><td></td><td></td><td>വർദ്ധിപ്പിക്കുകയും 5000/- രൂപയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് സമ്മാന ഘടന പരിഷ്ക്കരിക്കുകയും ചെയ്തു.</td></tr>
<tr><td>(ബി)</td><td>ഇക്കാലയളവിൽ ലോട്ടറി വിൽപ്പന വരുമാനം എത്ര വർദ്ധിച്ചിട്ടുണ്ട് ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ അതായത് 2011-12 സാമ്പത്തിക വർഷത്തിൽ മേയ് മാസം വരെ ലോട്ടറി വിൽപ്പന വരുമാനം 87.24 കോടി രൂപയും, 2011- ജൂൺ മുതൽ ആഗസ്റ്റ് വരെ 167.43 കോടി രൂപയും ആഴ്ചയിൽ ഏഴ് നറുക്കെടുപ്പ് ുകൾ പുനഃരാരംഭിച്ച് സെപ്റ്റംബർ മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലെ വകുപ്പിന്റെ വരുമാനം 1032.41 കോടി രൂപയുമാണ്.</td></tr>
<tr><td>(സി)</td><td>ലോട്ടറി നറുക്കെടുപ്പുകൾക്ക് എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി ; വിശദാംശങ്ങൾ നൽകുമോ ;</td><td>(സി)</td><td>ലോട്ടറി നറുക്കെടുപ്പുകൾക്ക് നിലവിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.</td></tr>
<tr><td>(ഡി)</td><td>ഏതെല്ലാം ലോട്ടറികളാണ് പുതുതായി തുടങ്ങിയത് ; ഇവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?</td><td>(ഡി)</td><td>പുതുതായി 6 പ്രതിവാര ഭാഗ്യക്കുറികൾ ആരംഭിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ഭാഗ്യക്കുറി</th><th>നറുക്കെടുപ്പ് ദിവസം</th></tr>
<tr><td>പൗർണ്ണമി</td><td>ഞായർ</td></tr>
<tr><td>ധനശ്രീ</td><td>ചൊവ്വ</td></tr>
<tr><td>അക്ഷയ</td><td>ബുധൻ</td></tr>
<tr><td>പ്രതീക്ഷ</td><td>വ്യാഴം</td></tr>
<tr><td>ഭാഗ്യനിധി</td><td>വെള്ളി</td></tr>
<tr><td>കാരുണ്യ</td><td>ശനി</td></tr>
</table>
സാമൂഹ്യക്ഷേമത്തിനും സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കുമായി റവന്യൂ വരുമാനം സമാഹരിക്കുകയും പ്രത്യക്ഷമായും പരോക്ഷമായും സമൂഹത്തിലെ വികലാംഗരും ശാരീരികാദ്ധ്വാനം ചെയ്യാൻ കഴിവില്ലാത്തവരുമായ ദുർബല വിഭാഗത്തിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഭാഗ്യക്കുറിയുടെ ലക്ഷ്യം. കൂടാതെ പുതുതായി ആരംഭിച്ച ഭാഗ്യക്കുറികളിൽ ശനിയാഴ്ച നറുക്കെടുക്കുന്ന കാരുണ്യ ഭാഗ്യക്കുറിയുടെ വില്പനയിൽനിന്നുള്ള വരുമാനം മാരക രോഗങ്ങളാൽ</td></tr>
</table>

| | | | |
|---|---|---|---|
| | | | അവശതയനുഭവിക്കുന്ന നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി. ഹൃദ്രോഗം, കരൾ രോഗം, വൃക്ക രോഗം, കാൻസർ, ഹീമോഫീലിയ എന്നീ രോഗമുള്ളവർക്കും തലച്ചോറിന് രോഗം ബാധിച്ചവർക്കും പാലിയേറ്റീവ് കെയർ രോഗികൾക്കുമാണ് ചികിത്സാ ധന സഹായം ഇപ്പോൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ